

# വർഗരാഷ്ട്രീയത്തിന്റെ സ്വത്വപ്രതിസന്ധികൾ

കവർസ്റ്റോറി ● **പി.ഐ നൗഷാദ്**

**ഒന്ന്**

**കുറച്ചു** കാലമായി സമകാലിക കേരളം ആഘോഷിക്കുന്ന സാംസ്കാരിക/സാമൂഹിക സംവാദങ്ങൾ (തർക്കവിതർക്കങ്ങൾ) ആഴമേറിയ അന്വേഷണത്തിന്റെ ഫലമോ, നിലനിൽക്കുന്ന സാമൂഹിക പരിതോവസ്ഥകളെ കുറിച്ച ഗഹനമായ പര്യാലോചനകളിൽ നിന്ന് രൂപപ്പെട്ടതോ അല്ല എന്ന സത്യം കുറഞ്ഞ സമയംപത്രം വായിക്കാൻ ചെലവഴിക്കുന്ന ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. പരിവർത്തിക്കപ്പെടേണ്ട വർത്തമാന സാമൂഹികാവസ്ഥകളെ അധികാരം ആർജിക്കാനുള്ള കേവലം ഉപകരണങ്ങൾ മാത്രമായി എങ്ങനെ മാറ്റിയെടുക്കാം എന്നു ചിന്തിക്കുന്ന പ്രായോഗിക രാഷ്ട്രീയക്കാരുടെ മോഹ/മോഹഭംഗങ്ങളിൽനിന്ന് ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നതാണ് ഒട്ടുമിക്ക സംവാദങ്ങളും. സി.പി.എം അകപ്പെട്ട സൈദ്ധാന്തിക പ്രതിസന്ധികൾക്കുപരി ആസന്നമായ തെരഞ്ഞെടുപ്പിൽ സി.പി.എം പ്രയോഗിക്കാൻ തീരുമാനിച്ചതും കേരളത്തിലെ സാമൂഹിക സൗഹൃദത്തിന് കോട്ടം തട്ടിക്കുന്നതുമായ രാഷ്ട്രീയ അജണ്ടകളുടെ ഭാഗമാണ് ഇപ്പോൾ നടക്കുന്ന സ്വത്വരാഷ്ട്രീയ വിവാദവും.

വിവാദങ്ങളുടെ കാരണങ്ങൾ ലളിതമാണ്; അതുണ്ടാക്കുന്ന ആഘാതങ്ങൾ ഭീകരമാണെങ്കിലും. സി.പി.എമ്മിലെ ഗ്രൂപ്പ് വഴക്കിൽ കലങ്ങിയ നാലു വർഷത്തെ ഇടതുഭരണത്തെ കുറിച്ച് ജനങ്ങൾക്ക് അശേഷം മതിപ്പില്ല. ജനക്ഷേമകരമായ ഒട്ടനവധി കാര്യങ്ങൾ നിർവഹിക്കാൻ ശ്രമിച്ചിട്ടും ഗ്രൂപ്പ് വഴക്കിൽ മുഴുകിയ നേതാക്കൾക്ക് ജനപിന്തുണ ആർജിക്കാൻ സമയം കിട്ടിയില്ല. പല നല്ല

പദ്ധതികളും ഗ്രൂപ്പ് വഴക്കിൽ തകരുന്നതിന് ജനങ്ങൾ സാക്ഷികളുമായി. ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകിയ 'തിരുത്തൽ രേഖ' യഥാവിധിഉൾക്കൊള്ളാനുള്ള വിവേകം കാണിക്കുന്നതിൽ പാർട്ടി പരാജയപ്പെട്ടു. വികസനവും സാമൂഹിക നീതിയുമായി ബന്ധപ്പെട്ട പ്രഖ്യാപിത രാഷ്ട്രീയ നിലപാടുകൾ ഉപേക്ഷിച്ച് അവർ കുത്തക മുതലാളിത്ത താൽപര്യങ്ങളുടെ സംരക്ഷകരും വക്താക്കളുമായി മാറി. സാന്റിയാഗോ മാർട്ടിനും സേവീ മനോമാത്യുവും ഫാരിസ് അബൂബക്കറും പ്രിയപ്പെട്ടവരാകുന്ന രാഷ്ട്രീയ സമവാക്യങ്ങളിൽ സാധാരണക്കാരും അവരുടെ ആവലാതികളും ശല്യങ്ങളായി. ജനാധിപത്യവിരുദ്ധ രീതികൾ അവലംബിച്ചും സർക്കാർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തിയും നിക്ഷിപ്ത താൽപര്യങ്ങൾ വൻകിട വികസന അജണ്ടകളുടെ പേരിൽ നടപ്പാക്കാൻ ശ്രമിച്ചു. ഇങ്ങനെ പാർട്ടിയും പ്രവർത്തകരും ജനങ്ങളിൽ നിന്ന് അകന്നാൽ സംഭവിക്കാൻ പോകുന്ന കനത്ത തോൽവി ഒഴിവാക്കാനുള്ള അവസാനത്തേതും അപകടകരവുമായ നീക്കത്തിന് (ന്യൂനപക്ഷ വർഗീയതയെ വിമർശിച്ച് ഭൂരിപക്ഷ ഹൈന്ദവ വോട്ട് സ്വന്തമാക്കുക) സി.പി.എം തയാറെടുത്തതിന്റെ ഭാഗമാണ് ജമാഅത്തെ ഇസ്‌ലാമി വിവാദവും സ്വത്വവാദ രാഷ്ട്രീയ വിവാദങ്ങളും ന്യൂനപക്ഷ വർഗീയത ശക്തി പ്രാപിക്കുന്നു തുടങ്ങിയ ജൽപനങ്ങളും മറ്റുമെല്ലാം.

കേരളത്തിൽ സ്വത്വരാഷ്ട്രീയം വിവാദമാകുന്നതിന്റെ കാരണങ്ങൾ സ്വത്വരാഷ്ട്രീയം വർഗരാഷ്ട്രീയത്തെ ദുർബലപ്പെടുത്തുന്നു, സാമ്രാജ്യത്വ അനുകൂല വീക്ഷണം വളർത്തുന്നു തുടങ്ങിയ പ്രത്യയശാസ്ത്രപരമായ വിശകലനങ്ങളാണെന്ന പാർട്ടി പ്രചാരണം പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കാനുള്ള വാചകമേളകൾ മാത്രം. വ്യത്തിഹീനമായ വർഗീയ രാഷ്ട്രീയ പകിടകളിയെ മറക്കാനുള്ള തന്ത്രം മാത്രമാണ് സി.പി.എമ്മിന്റെ സൈദ്ധാന്തിക കരണം മറച്ചിലുകൾ. കാരണം, കഴിഞ്ഞ ഏതാനും ദശകങ്ങളായി കേരളത്തിൽ സ്ത്രീ, ദലിത്, ന്യൂനപക്ഷം, പരിസ്ഥിതി തുടങ്ങി ഒട്ടനവധി സ്വത്വപ്രശ്നത്തെ കുറിച്ചുള്ള സംവാദങ്ങൾ നടക്കുന്നുണ്ട്. ദലിത്/സ്ത്രീവാദ ബുദ്ധിജീവികളും സംഘങ്ങളും ഇത്തരം വിഷയങ്ങൾ പൊതുസമൂഹത്തിൽ നിരന്തരമായി ഉന്നയിച്ചുകൊണ്ടുമിരിക്കുന്നു. അവരിൽ ഭൂരിഭാഗവും സാമ്രാജ്യത്വ വിരുദ്ധ സമരമുന്നണിയിലും മുതലാളിത്ത വികസന വിരുദ്ധ പോരാട്ടങ്ങളിലും കുന്തമുനകളായി മുമ്പിലുണ്ട്.

സി.പി.എം ഭൂരിപക്ഷ വർഗീയതയെ തലോടാൻ തീരുമാനിച്ച പ്രഥമ സന്ദർഭത്തിൽ തന്നെ കേരളീയ പൊതുബോധത്തിൽ നിലനിൽക്കുന്ന സാംസ്കാരിക ഹിന്ദുത്വ മേൽകോയ്മകളെയും വർഗീയതയുടെ കാളകൂടം പൊതിഞ്ഞ സവർണയുക്തികളെയും ഇടതുപക്ഷ ചേരിയിൽ നിന്നുകൊണ്ട് ചോദ്യം ചെയ്തവരെ ഇല്ലാതാക്കാനുള്ള ആസൂത്രിത ശ്രമവും ഈ വിവാദ ചുഴികളിൽ പതുങ്ങിയിരിപ്പുണ്ട്. ഗുജറാത്ത് കലാപാനന്തരം ന്യൂനപക്ഷ സ്വത്വപ്രശ്നങ്ങളെ കുറിച്ച ചർച്ച കേരളത്തിൽ കൂടുതൽ സജീവമാക്കിയത് കെ.ഇ.എൻ എഴുതിയ *ഇരകളുടെ മാനിഫെസ്റ്റോ*യും ഒട്ടനവധി ലേഖനങ്ങളുമാണ്. പൊതു ചിഹ്നങ്ങളെന്നും ആഘോഷങ്ങളെന്നും വ്യവഹരിക്കപ്പെടുന്ന ബിംബങ്ങൾ മുഴുവൻ ഹിന്ദുത്വ മേൽക്കോയ്മകളെ അരക്കിട്ടുറപ്പിക്കുന്നതാണെന്നും, വിഭിന്ന സ്വത്വ സമൂഹങ്ങൾ ഇത്തരം സാംസ്കാരിക മേൽക്കോയ്മകളാൽ വിവേചനം അനുഭവിക്കുന്നുണ്ടെന്നുമുള്ള നിഗമനങ്ങൾ വർഗപ്രശ്നത്തിൽ നിന്ന് വ്യത്യസ്തമായി സ്വത്വപ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്ന സത്യം വെളിപ്പെടുത്തി. പി.കെ പോക്കറടക്കമുള്ള ഒരുപറ്റം ഇടതുപക്ഷ ബുദ്ധിജീവികൾ കേരളത്തിലെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ മതേതരത്വത്തിന്റെ ഉടയാടകളണിഞ്ഞുകൊണ്ട് പ്രച്ഛന്ന നൃത്തമാടുന്ന സവർണബോധത്തെ നഗ്നമാക്കി. ഇടത്-വലത് വ്യത്യാസമില്ലാതെ സവർണ കേന്ദ്രീകൃത പൊതുബോധക്കാരെ വിറളി പിടിപ്പിച്ച ഇത്തരം നിരീക്ഷണങ്ങൾ ഉയർത്തിയവരെയെല്ലാം വർഗീയവാദികളെന്നും തീവ്രവാദികൾക്ക് കഞ്ഞിവെക്കുന്നവരുമെന്ന് തെറിവിളിച്ച് നിശ്ശബ്ദമാക്കാനാണ് സവർണ ബുദ്ധിജീവികളും പ്രസിദ്ധീകരണങ്ങളും പണിപ്പെട്ടത്. സാംസ്കാരിക സവർണതയിലേക്ക് മാർക്കം കൂടിയ കാരശ്ശേരിയും ഹമീദ് ചേന്ദമംഗല്ലൂരും അവസരം മുതലാക്കി കൂറ് തെളിയിച്ചു. സ്വത്വരാഷ്ട്രീയ ഭൂമികയിൽ രാഷ്ട്രീയം പയറ്റുന്ന എം.കെ മുനീറും കെ.എം ഷാജിയും രാജാവിനേക്കാൾ വലിയ രാജഭക്തിയോടെ ഉറഞ്ഞുതുള്ളുന്നതിന്റെ രഹസ്യങ്ങൾ വെളിപ്പെടുന്നതിന് കുറഞ്ഞ സമയത്തിന്റെ ദൈർഘ്യമേയുള്ളൂ. എള്ള് ഉണങ്ങുന്നത് എണ്ണയാട്ടാനാണ്. കുറിഞ്ചാത്തന്മാർ ഉണങ്ങുന്നത് ആർക്ക് വേണ്ടിയാണ്?

ഹൈന്ദവ പ്രീണനം വിജയിക്കണമെങ്കിൽ സാമൂഹിക സാംസ്കാരിക മണ്ഡലത്തിലെ സവർണ ബോധത്തിന്റെ അദൃശ്യതകൾ മറകീറി പുറത്ത് കാണിക്കുകയും ചോദ്യം ചെയ്യുകയും ചെയ്ത



കെ.ഇ.എൻ



പി.കെ പോക്കർ

കെ.ഇ.എന്നിനെയും, സവർണർക്ക് മാത്രമല്ല പാർശ്വവത്കരിക്കപ്പെട്ടവർക്കും പിന്നാക്ക ന്യൂനപക്ഷ ങ്ങൾക്കും സ്വത്വം ഉണ്ടെന്നും അവരും സാമൂഹിക സംഘർഷങ്ങൾ അനുഭവിക്കുന്നുണ്ടെന്നും എഴു തുന്ന പോക്കറെയും ബലികൊടുക്കണം. ഒന്നുകിൽ വർഗരാഷ്ട്രീയത്തിന് കീഴ്പ്പെട്ട് സ്വത്വത്തെ ത്യജിക്കുക. അല്ലെങ്കിൽ മാപ്പിള സ്വത്വമെന്ന ചരിത്ര സത്യത്തെ അംഗീകരിച്ച് പുറത്തേക്ക് നടക്കു ക. വിധേയനായ തൊമ്മി അല്ലെങ്കിൽ ഗുജറാത്ത് കലാപാനന്തരം രൂപാന്തരം പ്രാപിച്ച ഉഗ്ര വർഗീ യവാദി. അവർക്ക് മുമ്പിൽ തുറന്നുവെച്ച ഈ രണ്ട് വഴികളിൽ ഏതു സ്വീകരിച്ചാലും ഭൂരിപക്ഷ വർഗീയതയെ ആഹ്ലാദിപ്പിക്കാനുള്ള പാർട്ടി പരിപാടിതന്നെയാകും സ്വത്വരാഷ്ട്രീയ വിവാദം. 'ഓറ'യിലെ പോക്കർ മാഷുടെ ലേഖനം അതിനുള്ള നിമിത്തം മാത്രം. കിനാലൂർ സംഭവം ജമാ അത്തെ ഇസ്‌ലാമിയെ തീവ്രവാദിയാക്കാനും വർഗീയത ചാർത്താനും അവസരമാക്കിയ അടവിന്റെ തുടർച്ച മാത്രമാണ് സ്വത്വരാഷ്ട്രീയ വിവാദത്തിന്റെയും ഒളിയജണ്ടകൾ.

**രണ്ട്**

ഇന്ത്യൻ കമ്യൂണിസ്റ്റുകൾക്ക് സ്വത്വ പ്രശ്നത്തെയും സ്വത്വരാഷ്ട്രീയത്തെയും ഫലപ്രദവും സൈദ്ധാന്തികവുമായി അഭിമുഖീകരിക്കാൻ സാധിച്ചിട്ടില്ല എന്നു മാത്രമല്ല, വർഗരാഷ്ട്രീയ ത്തിലൂടെയും അടിത്തറ– മേൽക്കൂര സൈദ്ധാന്തിക വ്യാഖ്യാനത്തിലൂടെയും എത്തിച്ചേരുന്ന നില പാടുകൾ സവർണയുക്തിക്കനുസൃതമായിത്തീരുകയും ചെയ്തു. ഇന്ത്യയിൽ (കേരളത്തിലും) ജാതി/ പിന്നാക്ക സമൂഹങ്ങൾ അനുഭവിക്കുന്ന സ്വത്വ പ്രതിസന്ധികളും അധികാര പങ്കാളിത്ത ആവശ്യങ്ങ ളും അനുഭാവപൂർവം സ്വാംശീകരിക്കാൻ സി.പി.എമ്മിന് സാധിക്കാത്തതിന്റെ വേരുകൾ കിടക്കു ന്നതും വർഗ രാഷ്ട്രീയ വിശകലനങ്ങളിൽ അന്തർലീനമായ സവർണ രാഷ്ട്രീയത്തിൽ തന്നെയാ ണ്.

കേവല സ്വത്വരാഷ്ട്രീയ ബോധവും വർഗബോധവും പ്രായോഗിക പ്രശ്നത്തിൽ ശാസ്ത്രീ യവും അശാസ്ത്രീയവുമാകുന്നതിന് ഇടതുപക്ഷ ബുദ്ധിജീവി എം.എ ബേബി നൽകുന്ന ഉപമ കളെ മാത്രം വിശകലനം ചെയ്താൽ മതിയാകും, വർഗരാഷ്ട്രീയം സ്വത്വപ്രശ്നങ്ങളെ അഭിമുഖീ കരിക്കുന്നതിൽ പരാജയപ്പെടുന്നുവെന്ന് തെളിയിക്കാൻ (*ദേശാഭിമാനി* വാരിക 2010 ജൂൺ 6).

‘പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്കുള്ള തൊഴിൽ സംവരണം കുറെ നാളത്തെ അനുഭവത്തെ തുടർന്ന് സംവരണ സമുദായങ്ങളിൽ എടുത്തുപറയാവുന്ന നേട്ടമുണ്ടാക്കിയ ഒരു സമ്പന്ന വിഭാഗം രൂപംകൊണ്ട സാഹചര്യത്തെ എങ്ങനെ നേരിടുമെന്ന പ്രശ്നം പൊന്തിവന്നു. വിരുദ്ധ സമീപനങ്ങൾക്കൊടുവിൽ എത്തിച്ചേർന്ന ശാസ്ത്രീയ സമീപനം ഇതാണ്: സംവരണത്തിന്റെ ആദ്യ ഗുണഭോക്താക്കൾ ആ വിഭാഗത്തിലെ ദരിദ്രരായിരിക്കണം. വീണ്ടും ഒഴിവുണ്ടെങ്കിൽ അതേ വിഭാഗത്തിലെ സമ്പന്നർക്ക് അത് നൽകാവുന്നതാണ്. മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും സംവരണം നൽകണം.’

‘പാർലമെന്റിലും നിയമസഭയിലും സ്ത്രീ പ്രാതിനിധ്യത്തിനുവേണ്ടിയുള്ള പ്രസ്ഥാനം ശക്തിപ്പെടുമ്പോൾ സ്ത്രീ സംവരണത്തിനുള്ളിൽ അധഃസ്ഥിത സംവരണം പോലുള്ള വിചിത്രമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രശ്നത്തെ സങ്കീർണമാക്കുന്ന സമീപനം സ്വത്വരാഷ്ട്രീയവാദികൾ ഉന്നയിക്കുന്നു.’

സാമൂഹിക ഉച്ചനീചത്വങ്ങളാൽ (സാമ്പത്തിക/വൈജ്ഞാനിക കാരണങ്ങളാലല്ല) അധികാര പങ്കാളിത്തം നിഷേധിക്കപ്പെട്ടവർക്കുള്ള അവകാശ പ്രഖ്യാപനമായാണ് സംവരണം ഭരണഘടനാനുസൃതമാകുന്നത്. അവരുടേതല്ലാത്ത കാരണങ്ങൾകൊണ്ട് സാമൂഹിക പ്രക്രിയകളിൽ നിന്ന് നിഷ്കാസിതരായ ജനവിഭാഗങ്ങൾ അനുഭവിച്ച സ്വത്വപ്രതിസന്ധിക്കുള്ള പരിഹാരമായിരുന്നു അത്. ആ സംവരണത്തെ (അധികാര പങ്കാളിത്തത്തെ) ക്രീമിലയർ, നോൺ ക്രീമിലയർ, അധികാരപങ്കാളിത്തം ലഭിച്ച സമൂഹങ്ങളിലെ സാമ്പത്തികമായി ശേഷി കുറഞ്ഞവർക്ക് എന്നിങ്ങനെ സങ്കീർണമായ ‘ശാസ്ത്രീയമായ ശാശ്വത പരിഹാര നിർദേശങ്ങൾ’ സമർപ്പിക്കുകയാണ് വർഗരാഷ്ട്രീയ വിശകലനം ചെയ്തത്. അഥവാ പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങൾക്ക് സാമൂഹിക പദവി ആർജിക്കാനുള്ള ഉപാധിയെ സമ്പത്തുമായി ചേർത്തുവെച്ചുകൊണ്ട് സങ്കീർണമാക്കി, സംവരണത്തിന്റെ അടിസ്ഥാന താൽപര്യത്തെ അട്ടിമറിച്ച് സവർണ സമൂഹത്തിന് ഗുണകരമാക്കുക എന്ന അജണ്ടയാണ് ഈ വിശകലനത്തിലൂടെ സാക്ഷാത്കരിക്കപ്പെട്ടത്.

വർഗരാഷ്ട്രീയ വിശകലനത്തിലൂടെ സമർപ്പിച്ച അവർണ വിരുദ്ധവും സവർണ യുക്തി സൃഷ്ടിച്ചതുമായ പരിഹാരം ആദ്യം ഉന്നയിച്ചതും പ്രചാരണം നടത്തിയതും സവർണ പ്രത്യയശാസ്ത്ര വക്താക്കളായിരുന്നു. മണ്ഡൽ പ്രക്ഷോഭത്തിലൂടെ പിന്നാക്ക രാഷ്ട്രീയ ഉയിർപ്പിനെ ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചവരുടെ ഗൂഢനീക്കമായിരുന്നു ക്രീമിലയറും സാമ്പത്തിക സംവരണവും. വർഗരാഷ്ട്രീയ വിശകലനം കൃത്യമായി സ്വത്വ പ്രതിസന്ധിയനുഭവിക്കുന്നവരുടെ എതിർപക്ഷത്തു നിൽക്കുകയും ലളിതമായ സംവരണ പ്രക്രിയയെ സങ്കീർണമാക്കുകയും ചെയ്യുന്നതോടൊപ്പം സവർണരാഷ്ട്രീയത്തെ പിന്തുണക്കുകയും ചെയ്യുന്നു.

എന്നാൽ സ്ത്രീ സംവരണത്തിൽ അധികാര പങ്കാളിത്തത്തിൽ നിന്ന് ദളിത്/പിന്നാക്ക സ്ത്രീകൾ പുറംതള്ളപ്പെടാതിരിക്കാൻ ചരിത്രാനുഭവങ്ങളിൽനിന്ന് അവരാർജിച്ച ജാഗ്രതയെ സങ്കീർണവും വിചിത്രവുമായ വാദഗതിയായാണ് ബേബി ചിത്രീകരിക്കുന്നത്. കാരണം സംവരണത്തിനുള്ളിൽ സംവരണം നിയമമാക്കുന്നതിനെ മൂർത്തമായി വിശകലനം ചെയ്യാൻ കരുത്തില്ലാതെ സ്വത്വരാഷ്ട്രീയക്കാരുടെ വിചിത്രവാദമായി തള്ളിക്കളയുകയാണ് ബേബി ചെയ്യുന്നത്. പാർലമെന്റിലെയും നിയമസഭയിലെയും സംവരണം സ്ത്രീ എന്ന പൊതുസ്വത്വം കൊണ്ട് മാത്രം നിർവചിച്ചാൽ അതിന്റെ ഗുണഭോക്താക്കൾ സവർണസ്ത്രീയായിരിക്കും. അധികാരത്തിൽനിന്ന് പുറന്തള്ളപ്പെട്ട ദലിത്/പിന്നാക്ക സമൂഹത്തിലെ സ്ത്രീകളുടെ അധികാര പങ്കാളിത്ത സാധ്യതകൾക്ക് ഇടിവ് പറ്റും. അത് പരിഹരിക്കാനുള്ള മികച്ച നിർദേശം സംവരണത്തിനുള്ളിൽ പാർശ്വവത്കൃത സമൂഹങ്ങളിലെ സ്ത്രീകൾക്ക് സംവരണം ഉറപ്പ് വരുത്തുക മാത്രമാണ്. ആ നിർദേശം ദോഷം ചെയ്യുന്നത് അധികാര രാഷ്ട്രീയത്തിന്റെ പങ്ക് ആസ്വദിക്കുന്ന സവർണ സമൂഹങ്ങൾക്കാണല്ലോ. സംവരണത്തിനുള്ളിലെ സംവരണത്തെ നിഷേധിക്കുന്നതിലൂടെ അധികാരത്തിൽനിന്ന് അകറ്റപ്പെട്ടവരുടെ സ്വത്വപ്രതിസന്ധിയുടെ പരിഹാരമായല്ല അധികാരം തട്ടിയെടുത്തവരുടെ സഹായകമായാണ് വർഗരാഷ്ട്രീയ വിശകലനം പ്രവർത്തിക്കുന്നത്.

ഇന്ത്യയിലെ കമ്യൂണിസ്റ്റുകാർക്ക് സ്വത്വ പ്രതിസന്ധികളെ അഭിമുഖീകരിക്കാൻ ത്രാണിയല്ലാത്തതിനാലാണ്, സ്വത്വപ്രശ്നങ്ങളെ വർഗപ്രശ്നങ്ങളേക്കാൾ മൗലികവും പ്രസക്തവുമായി നിരീക്ഷിക്കുന്നവർ (ജാതി, മതം, ഭാഷ എന്നിവ സ്വത്വ പ്രശ്നമാണ്. ജന്മമാണ് അതിന്റെ അടിത്തറ.

പണംകൊണ്ടവ പരിഹരിക്കാനാവില്ല. എന്നാൽ വർഗപ്രശ്നം സാമ്പത്തിക മാറ്റങ്ങൾക്ക് അനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും) സ്വത്വരാഷ്ട്രീയത്തെ പുൽകാൻ നിർബന്ധിതരാകുന്നത്. അംബേദ്കറുടെ കൽപനകൾ ബ്രാഹ്മണനായ പ്യൂൺ നിരസിച്ചത് വൈജ്ഞാനിക ശേഷിയിലുള്ള അവിശ്വാസം കൊണ്ടായിരുന്നില്ല, ദലിത് സ്വത്വത്തെ അംഗീകരിക്കാനുള്ള വൈമനസ്യം കൊണ്ടായിരുന്നു. സ്വത്വചിഹ്നങ്ങളെ അഭിമാനമായി പേരിൽ നിലനിർത്തി അതിന്റെ സുഖവും സാധ്യതകളും പ്രയോജനപ്പെടുത്തുന്നവർ വിവേചനം അനുഭവിക്കുന്നവന്റെ സ്വത്വ പ്രതിസന്ധി പലപ്പോഴും തിരിച്ചറിയുകയില്ല. സ്വത്വചിഹ്നങ്ങളെയും ആചാരങ്ങളെയും സ്വജീവിതത്തിൽനിന്ന് നിരാകരിച്ചിട്ടും, സ്വതന്ത്രമായ അഭിപ്രായം രേഖപ്പെടുത്തുമ്പോൾ അവനിലെ സ്വത്വത്തെ തിരയുകയും അതാണ് നിലപാടുകളെ സൃഷ്ടിക്കുന്നതെന്ന് ചാനലുകളിൽ സഹപ്രവർത്തകർതന്നെ ആക്രോശിക്കുകയും ചെയ്യുന്നത് അതിന്റെ മികച്ച ഉദാഹരണമാണ്. അപരസ്വത്വം ആയതിനാൽ സഹപ്രവർത്തകർ പോലും സംശയിക്കുകയും നിരന്തരം കന്യകാത്വം തെളിയിക്കേണ്ടിവരികയും ചെയ്യുന്നത്, സ്വത്വപ്രശ്നം എത്ര സമൂർത്ത യാഥാർഥ്യമാണെന്ന് ബോധ്യപ്പെടുത്തുന്നു.

**മൂന്ന്**

സ്വത്വരാഷ്ട്രീയം പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ അധികാര പങ്കാളിത്തത്തിനുവേണ്ടിയുള്ള കലഹം എന്ന അർഥത്തിൽ പ്രസക്തമാണങ്കിലും അത് അന്തിമ പരിഹാരമല്ല. ദാർശനിക തലത്തിലും മാനവികതലത്തിലും സ്വത്വരാഷ്ട്രീയം വർഗരാഷ്ട്രീയത്തിന്റെ ചെറുപതിപ്പ് മാത്രമാണ്. സ്ഥൂല വർഗവിശകലനത്തിൽ ചെറുസമൂഹങ്ങൾ അധികാര പങ്കാളിത്തത്തിൽ നിന്ന് പുറംതള്ളപ്പെട്ടതിന്റെ പ്രതികരണമായിരുന്നു സ്വത്വവാദവും സ്വത്വരാഷ്ട്രീയവും. സ്വത്വമെന്ന സൂക്ഷ്മ രാഷ്ട്രീയം വർഗമെന്ന സ്ഥൂലരാഷ്ട്രീയത്തിന്റെ പരിമിതികളെ തുറന്നുകാണിക്കുന്നതിനാൽ സ്വത്വ രാഷ്ട്രീയത്തിന്റെ ഗുണാത്മകതയെ സ്വീകരിക്കാൻ അവർക്ക് സാധിക്കാതെ വരുന്നു. സ്വത്വരാഷ്ട്രീയം പുറത്തുവിടുന്ന നിഷേധാത്മകത വർഗരാഷ്ട്രീയത്തിൽ അന്തർലീനമായതിനാൽ അത്തരം പ്രവണതകൾ ചെറുക്കുന്നതിൽ  പരാജയപ്പെടുകയും ചെയ്യുന്നു.

ആത്യന്തികമായി സ്വത്വരാഷ്ട്രീയം വളരെ വേഗത്തിൽ സമുദായവത്കരിക്കപ്പെടുകയും വെറുപ്പിന്റെ രാഷ്ട്രീയത്തെ ഉൽപാദിപ്പിക്കുകയും ചെയ്യും. പലപ്പോഴും പശുദേശീയതക്ക് പകരം എരുമദേശീയത തുടങ്ങിയ സമീകരണങ്ങളിലൂടെ ആധിപത്യ സമൂഹത്തിന്റെ ബദൽ പകർപ്പായി പരിമിതപ്പെടുകയും ചെയ്യും. വംശീയ സ്വത്വവും സാംസ്കാരിക സ്വത്വവും നിലനിർത്തുന്നതിനും ആധിപത്യം നേടുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ സംഘർഷങ്ങളെയായിരിക്കും വിളിച്ചുവരുത്തുക. അധികാരത്തിന്റെയും വിഭവങ്ങളുടെയും വിവേചനരഹിതമായ പങ്കുവെപ്പ് എന്ന അടിസ്ഥാന മുദ്രാവാക്യത്തെ തകർക്കുന്നതിലേക്കാണ് ആത്യന്തികമായി  തീവ്രസ്വത്വവാദം എത്തിപ്പെടുക.

അസമത്വങ്ങൾക്കെതിരെ പോരാടാനും വിവേചനരഹിതമായി നീതി ഉറപ്പുവരുത്താനും സ്വത്വ വൈജാത്യങ്ങളെ ഉൾകൊള്ളാനും അനുതാപപൂർണമായ സമീപനങ്ങൾ സ്വീകരിക്കാനും സാധിക്കുന്ന ദൈവിക ദർശനത്തിന്റെ പ്രയോഗവത്കരണത്തിനു മാത്രമേ സ്വത്വപ്രശ്നങ്ങളെ മൗലികമായി അഭിമുഖീകരിക്കാനും ശാശ്വതമായി പരിഹരിക്കാനും സാധിക്കൂ. ■